**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്കിൻ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരുപത് ശതമാനത്തിലധികം തീപ്പൊള്ളലേറ്റ് ത്വക്കിന് സാരമായി പരിക്കുപറ്റിയിട്ടുള്ളവരെ അണുബാധയേൽക്കാത്തവിധം ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിന് മെഡിക്കൽ കോളേജുകളിലെ 'ബേൺസ് ഐ. സി. യു.' വിൽ തീവ്രപരിചരണവിഭാഗം സജ്ജീകരിച്ചിട്ടുണ്ടോ; | (എ) | കേരളത്തിൽ പൊള്ളലേറ്റ് ത്വക്കിന് സാരമായി പരിക്ക് പറ്റിയിട്ടുള്ളവരെ ചികിത്സിക്കുന്നതിനായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ബേൺസ് ഐ. സി. യു സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്, ആലപ്പുഴ, കൊല്ലം, എറണാകുളം, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത 'സ്കിൻ ബാങ്ക് സ്ഥാപിക്കുന്നതിനും ആവശ്യമായ സ്കിൻ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സർക്കാർ മേഖലയിലെ ആദ്യത്തെ ത്വക്ക് ബാങ്കാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു വരുന്നത്. ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് പ്രിസർവ് ചെയ്ത് സൂക്ഷിച്ച് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് ത്വക്ക് ബാങ്കിലൂടെ ചെയ്യുന്നത്. അപകടങ്ങളാലും പൊള്ളലേറ്റും ത്വക്കിന് കേടുപാട് സംഭവിച്ചവർക്ക് പകരം ത്വക്ക് വച്ച് പിടിപ്പിച്ചാൽ അണുബാധയുണ്ടാകാതെ ഒരുപാട് പേരുടെ ജീവൻ രക്ഷിക്കാനാകും. കൂടാതെ രോഗികളെ വൈരൂപ്യത്തിൽ നിന്നും രക്ഷിക്കാനുമാകും. ഇത് മൂലം ആരോഗ്യ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് കൂടുതൽ ശക്തി പകരാൻ ത്വക്ക് ബാങ്ക് സംവിധാനവും അതിനൂതന ത്വക്ക് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും കഴിയും. ത്വക്ക് ട്രാൻസ്പ്ലാന്റിനും ത്വക്ക് ബാങ്ക് തുടങ്ങുന്നതിനുമായി കെ-സോട്ടോയുടെ അനുമതി ആവശ്യമാണ്. കേരളത്തിൽ നിലവിൽ സർക്കാർ മേഖലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് ത്വക്ക് മാറ്റി വെയ്ക്കലിനും ത്വക്ക് ബാങ്ക് തുടങ്ങുന്നതിനും പ്രത്യേകം ലൈസൻസ് ഉണ്ട്. |

| | | | |
|---|---|---|---|
| | | | അവയവദാന പ്രക്രിയയിലൂടെ ലഭ്യമാകുന്ന ത്വക്ക് അല്ലെങ്കിൽ ത്വക്ക് ബാങ്കിൽ ശേഖരിച്ചിരിക്കുന്ന ത്വക്ക് ഉപയോഗിച്ച് ചികിത്സ നടത്താവുന്നതാണ്. സ്കിൻ ബാങ്കിലേക്ക് സ്കിൻ ലഭ്യമാക്കുന്നതിനായി **K-SOTTO** ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ സോട്ടോയിൽ അംഗമായതിനുശേഷം മരണപ്പെട്ടവരിൽ നിന്നും ലിവർ, കിഡ്നി, മറ്റ് അവയവങ്ങൾ എടുത്തതിനു ശേഷം ബന്ധുക്കളുടെ അനുവാദത്തോടെ സ്കിന്നും ശേഖരിക്കുന്നതായിരിക്കും. മരണം വീട്ടിൽ ആയാലും ആശുപത്രിയിൽ വച്ചായാലും സ്കിൻ ശേഖരിച്ച് സംസ്കരിച്ച് സൂക്ഷിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പൊതു ജനങ്ങളുടെ ഇടയിൽ അവബോധം വളർത്തുന്നതിനാവശ്യമായ നടപടികളും ആരംഭിച്ചിട്ടുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജിലും സ്കിൻ ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ